**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 262** **01-03-2023 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷന്റെ വിശദാംശം നൽകാമോ; | (എ) | അംഗത്വമെടുത്ത് അംശദായം കൃത്യമായി അടയ്ക്കുന്ന അറുപത് വയസ്സ് പൂർത്തിയാക്കിയ എല്ലാ യോഗ്യരായ അംഗങ്ങൾക്കും പെൻഷൻ നൽകി വരുന്നുണ്ട്. പ്രതിമാസം 1600/- രൂപയാണ് പെൻഷനായി നിലവിൽ നൽകുന്നത്. ബോർഡിന്റെ തനതു ഫണ്ടിൽ നിന്നാണ് പെൻഷൻ നൽകുന്നത്. |
| (ബി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷൻ സമയബന്ധിതമായി നൽകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | 2022 ഓഗസ്റ്റ് മാസം വരെയുള്ള പെൻഷനാണ് നിലവിൽ വിതരണം ചെയ്തിട്ടുള്ളത് .അഞ്ചു മാസത്തെ പെൻഷൻ നിലവിൽ കുടിശ്ശികയുണ്ട് . ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് പെൻഷൻ സമയബന്ധിതമായി നൽകാൻ സാധിക്കാത്തത്.<br><br>ബിൽഡിംഗ് സെസ്സാണ് ബോർഡിന്റെ പ്രധാന വരുമാന സ്രോതസ്സ് . ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി അദാലത്തുകൾ സംഘടിപ്പിച്ച് ബിൽഡിംഗ് സെസ്സ് ഊർജ്ജിതമായി പിരിച്ചു വരുന്നു. |
| (സി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ നിലവിൽ കുടിശികയുണ്ടോ; എങ്കിൽ കുടിശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | 2022 ഓഗസ്റ്റ് മാസം വരെയുള്ള പെൻഷനാണ് നിലവിൽ വിതരണം ചെയ്തിട്ടുള്ളത് .അഞ്ചു മാസത്തെ പെൻഷൻ നിലവിൽ കുടിശ്ശികയുണ്ട് . ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് പെൻഷൻ സമയബന്ധിതമായി നൽകാൻ സാധിക്കാത്തത്.<br><br>ബിൽഡിംഗ് സെസ്സാണ് ബോർഡിന്റെ പ്രധാന വരുമാന സ്രോതസ്സ് . ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി അദാലത്തുകൾ സംഘടിപ്പിച്ച് ബിൽഡിംഗ് സെസ്സ് ഊർജ്ജിതമായി പിരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ